NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR

Date: 16/04/2016

TITLE: **കുട്ടികളിൽ എഴുത്തും വായനയും മെച്ചപ്പെടുത്താം**

Vocational Paper Series No: 06 Vol: 2016/04

എഴുത്തും വായനയും വികസിക്കാൻ സംഭാഷണവും ഭാഷയും വളരെ അത്യാവശ്യമാണ്. കുട്ടികളിൽ എഴുത്തും വായനയും വികസിപ്പിക്കാൻ ആദ്യം വേണ്ടത് പ്രോത്സാഹനമാണ്. കുട്ടികളെ നേഴ്സറി പാട്ടുകൾ പാടാനും ആശയവിനിമയം നടത്താനും പ്രോത്സാഹിപ്പിക്കുക.

## സംഭാഷണവും ഭാഷയും കുട്ടിയുടെ എഴുത്തും വായനയും വികസിക്കാൻ എത്ര മാത്രം സഹായകരമാകും?

തലച്ചോറിന്റെ പ്രവർത്തനത്തിന് പാട്ടുകൾ, സംഭാഷണം, ആലോചന, മനസ്സിലാക്കൽ എന്നിവ അത്യാവശ്യമാണ്. കുട്ടിയുമായി സംഭാഷണത്തിൽ ഏർപ്പെടുന്നത് അവന്റെ വായനയുടെ വികാസത്തെ വളരെയധികം സഹായിക്കും. കുട്ടി ഉണർന്നിരിക്കുന്ന സമയങ്ങളിൽ കുട്ടിയുമായി സംഭാഷണത്തിൽ ഏർപ്പെടുകയും കാര്യങ്ങൾ പറഞ്ഞ് കൊടുക്കുകയും ചെയ്യുന്നത് വഴി കുഞ്ഞിന്റെ തലച്ചോറിന്റെ പ്രവർത്തനം വർദ്ധിപ്പിക്കാൻ സഹായിക്കും. കുട്ടിയുമായി സംഭാഷണത്തിൽ ഏർപ്പെടുന്നത് അവന്റെ വായന വികസിപ്പിക്കുന്നതോടൊപ്പം ബുദ്ധിവികാസത്തേയും മറ്റുള്ളവരുമായുള്ള ഇടപെടലിനെയും വർദ്ധിപ്പിക്കും. കുട്ടിയുടെ സംസാരം ശ്രദ്ധാപൂർവ്വം കേട്ട്, അവരുടെ താത്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്ത്, എല്ലാ കാര്യങ്ങളും കുഞ്ഞുമായി പങ്കുവയ്ക്കുന്നത് വഴി കുട്ടിയുടെ സംഭാഷണം വളർത്തിയെടുക്കാം.

ഉദാഹരണത്തിന് കുട്ടിയുമായി നിങ്ങളുടെ രസകരമായ കഥകൾ പങ്കുവയ്ക്കുക, കുട്ടിയുമായി ചേർന്ന് കഥകൾ ഉണ്ടാക്കുക, കുടുംബത്തിലെ അംഗങ്ങളെക്കുറിച്ച് സംസാരിക്കുവാൻ കുട്ടികളിൽ താത്പര്യം വളർത്തിയെടുക്കുക, കുട്ടികളിൽ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക, പുതിയ പുതിയ ആശയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ, കുട്ടിയിൽ താത്പര്യം വളർത്തിയെടുക്കുക എന്നീ കാര്യങ്ങളിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

## കുട്ടികളിൽ വായന വളർത്തിയെടുക്കാൻ

കുട്ടിയുമൊത്ത് വായിക്കുക.(കുട്ടിയുടെ പ്രായം കണക്കിൽ എടുക്കേണ്ട ആവശ്യമില്ല). എത്രയും നേരത്തെ തുടങ്ങുകയാണെങ്കിൽ അത്രയും നല്ലത്. കുട്ടിയുമൊത്ത് വായിക്കുമ്പോൾ കുട്ടിക്ക് ബുക്ക് പിടിക്കാനും പേജുകൾ മറിക്കുവാനുമുള്ള അവസരം നൽകുകയും ചെയ്യാം.

കുട്ടിക്കാലത്ത് എഴുത്തിലും വായനയിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി പരിശീലനം കൊണ്ട് അവയെ തരണം ചെയ്യാൻ കുട്ടിയെ സഹായിക്കണം.

നിങ്ങൾ കുട്ടിക്ക് ബുക്ക് വായിച്ചു കൊടുക്കുമ്പോൾ ചൂണ്ടി വായിക്കാൻ ശ്രദ്ധിക്കുക. ഇത് ഇടത്തു നിന്നും വലത്തോട്ടാണ് വായിക്കേണ്ടത് എന്ന ആശയം മനസ്സിലാക്കി എടുക്കാൻ അവനെ സഹായിക്കും. ചിത്രങ്ങൾ ചൂണ്ടി സംസാരിക്കുന്നതും, കുട്ടി ചൂണ്ടികാണിക്കുന്ന ചിത്രങ്ങളെപ്പറ്റി സംസാരിക്കുന്നതും ബുക്കിൽ കാണുന്ന മൃഗങ്ങൾ, പക്ഷികൾ, വസ്തുകൾ എന്നിവയുടെ ശബ്ദങ്ങൾ അനുകരിക്കുന്നതും കുട്ടിക്ക് ബുക്ക് വായന ആസ്വാദകരമാക്കി തീർക്കാൻ സഹായിക്കും.

## എഴുത്തിന്റേയും വായനയുടേയും ബുദ്ധിമുട്ടുകൾ സൂചിപ്പിക്കുന്ന സൂചനകൾ ഏതെല്ലാം?

കുട്ടികളിൽ എഴുത്തും വായനയും വികസിക്കുന്നത് പല തോതിൽ ആണ്. വളരെ ചെറിയ പ്രായത്തിൽ തന്നെ കുട്ടികളിൽ കാണുന്ന ചില സൂചനകളിൽ നിന്നും അവർക്ക് എഴുത്തിലും വായനയിലും ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ നമുക്ക് മനസ്സിലാക്കാം. ഉദാഹരണത്തിന്, പദസമ്പത്തിൽ ഉണ്ടാകുന്ന കുറവ്, ശ്രദ്ധിക്കാനുള്ള ബുദ്ധിമുട്ട്, അക്ഷരങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്, സാമ്യതയുള്ള വാക്ക് മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്. കുട്ടി എഴുത്തിനോടും പകർത്തിയെഴുത്തിനോടും ഇഷ്ടക്കേട് കാണിക്കുകയും വരകളും ആകൃതികളും വരയ്ക്കാൻ ബുദ്ധിമുട്ടുകയും ചെയ്യുമ്പോൾ അത് മനസ്സിലാക്കി കുട്ടിയെ സഹായിക്കാൻ സാധിക്കണം. വരയ്ക്കാനും പകർത്തി എഴുതാനും കൂടുതൽ സമയമെടുക്കുക, മോശമായ കൈക്ഷരം, ആകൃതികളും അക്ഷരങ്ങളും അക്കങ്ങളും മറന്നു പോകുക, അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളും തിരിച്ചോ തെറ്റിച്ചോ എഴുതുക, അനാവശ്യമായി ചിഹ്നങ്ങൾ ഉപയോഗിക്കുക, പേപ്പറിൽ വാക്കുകൾ എഴുതാൻ ബുദ്ധിമുട്ടുക എഴുതുമ്പോൾ അക്ഷരങ്ങളും വാക്യങ്ങളും തെറ്റിക്കുക ഇവയും കുട്ടിക്ക് എഴുതാനും വായിക്കാനുമുള്ള ബുദ്ധിമുട്ടിനെ സൂചിപ്പിക്കുന്നു.

## കുഞ്ഞിന് എഴുത്തിനും വായനയ്ക്കും ബുദ്ധിമുട്ടുണ്ടായാൽ എന്തൊക്കെ ചെയ്യണം?

കുട്ടിക്ക് താത്പര്യമുള്ള ബുക്കുകൾ തിരഞ്ഞെടുത്ത് വായിക്കാൻ ശ്രദ്ധിക്കുക. പഠനകാര്യത്തിൽ കുട്ടിയെ മാറ്റിയെടുക്കുന്നതിൽ അധ്യാപികയുടെ പങ്ക് വളരെ വലുതാണ്. കുട്ടിയുടെ അധ്യാപികയുമായി കുട്ടിയുടെ എഴുത്തിന്റെയും വായനയുടെയും പുരോഗതിയെ പറ്റി ചർച്ച ചെയ്യുക. എത്രയും നേരത്തേ ബുദ്ധിമുട്ടുകൾ എന്താണെന്ന് മനസ്സിലാക്കി അത് മാറ്റിയെടുക്കാനുള്ള പരിശീലനം തുടങ്ങുക. കുട്ടിയുമൊത്ത് വായിക്കാൻ നിങ്ങളും സമയം കണ്ടെത്തുക.

തെറ്റുകൾ ആവർത്തിച്ചാലും വീണ്ടും വീണ്ടും പരിശ്രമിക്കാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നതും ഉചിതമാണ്. വായന ദിനചര്യയുടെ ഭാഗമാക്കി മാറ്റുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നത് കുട്ടിക്ക് വായനയോടുള്ള ഇഷ്ടം വർധിപ്പിക്കും. കുട്ടി വായിക്കാൻ ബുദ്ധിമുട്ടുന്ന സമയത്ത് നിങ്ങൾ വായിച്ച് കൊടു

ക്കുന്നത് വഴി കുഞ്ഞ് വായനയിൽ നേരിടുന്ന പ്രയാസം ലഘൂകരിക്കാൻ സാധിക്കും. ദൈനംദിന ജീവിതത്തിൽ കുട്ടിക്ക് വായിക്കാൻ കിട്ടുന്ന എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തുന്നത് ഉത്തമമാണ്.

**മാതാപിതാക്കൾക്ക് കുട്ടികളിൽ എഴുതുവാനുള്ള കഴിവ് എങ്ങനെയെല്ലാം പ്രോത്സാഹിപ്പിക്കാം.**

- പെൻസിൽ, പേന, ക്രയോൺ, മാർക്കർ പേന, ചോക്ക്, പേപ്പർ, മുതലായവ യഥേഷ്ടം നൽകുക.
- അവരുടെ ആശയങ്ങളും കഥകളും ചിത്രങ്ങളിലൂടെ പ്രകടിപ്പിക്കാൻ പ്രേരിപ്പിക്കുക.
- അവന്റെ പേര് എഴുതാനും പകർത്താനും പഠിപ്പിക്കുക.
- എഴുത്തു ഭാഷ കുട്ടിയുടെ ജീവിതത്തിലെ ഒഴിച്ചു കൂടാനാകാത്ത ഭാഗമാണെന്ന് മനസിലാക്കിക്കുക (പരസ്യങ്ങൾ, ലേബലുകൾ, സൂചന ബോർഡുകൾ എന്നിവ ശ്രദ്ധിപ്പിക്കുക.)
- കുട്ടിയുടെ എല്ലാ വസ്തുക്കളിലും (Belongings) അവന്റെ പേര് എഴുതുക. നോട്ട്ബുക്കിലും ക്രയോൺ ബോക്സിലും മറ്റും കുട്ടിയെ കൊണ്ട് പേര് എഴുതിപ്പിക്കുക / ഒട്ടിപ്പിക്കുക..
- കളിമാവ്, ചപ്പാത്തിമാവ്, കളിമണ്ണ് എന്നിവ കൊണ്ട് അക്ഷരങ്ങൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുക

## നമുക്ക് ആരുടെയെല്ലാം സഹായം ആവശ്യമാണ്?

കുട്ടിക്ക് എഴുത്തിനും വായനയ്ക്കും ബുദ്ധിമുട്ടുള്ളതായി മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെട്ടാൽ പ്രശ്നം എന്താണെന്ന് കണ്ടെത്തി ശരിയായ രീതിയിലുള്ള പരിശീലനം നൽകേണ്ടത് വളരെ അത്യാവശ്യമാണ്.

പ്രശ്നം എന്താണ് എന്നതിനെ അനുസരിച്ച് സ്പീച്ച് തെറാപ്പിസ്റ്റ്, ഓക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഞരമ്പു രോഗ വിദഗ്ദ്ധൻ, ന്യൂറോളജിസ്റ്റ് ,സൈക്കോളജിസ്റ്റ് എന്നിവർക്ക് നിങ്ങൾക്ക് ഉത്തമമായ പരിഹാര മാർഗങ്ങൾ നൽകാൻ സാധിക്കുന്നതാണ്.